# കേരള കാർഷിക സർവ്വകാലശാല

## കാർഷിക കോളേജ്, പടന്നക്കാട്

നമ്പർ:ജി2-4411/2022 തീയ്യതി: 28.10.2024

**<u>ദർഘാസ് പരസ്യം</u>**

കാർഷിക കോളേജ് പടന്നക്കാടിൽ തെങ്ങുകളുടെ തടത്തിന് പുതകൊടുക്കുവാൻ ഗുണമേന്മയുള്ള **ചകിരിച്ചോറ്** കരാർ അടിസ്ഥാനത്തിൽ എത്തിച്ചു തരാൻ താത്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നം | ഇനം | ആവശ്യമായ അളവ് |
|---|---|---|
| 1. | ചകിരിച്ചോറ് (അരിക്കാത്തത്) | 30,000 Kg |
| 2. | ചകിരിച്ചോറ് (അരിച്ചത്) | 10,000 Kg |

താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ ചകിരിച്ചോറ് കേന്ദ്രത്തിൽ എത്തിച്ചു നൽകുന്നതിനുള്ള നിരക്ക് (ടൺ) **എത്ര** എന്ന് ദർഘാസിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. എല്ലാ നികുതികളും ഉൾപ്പെടുന്ന നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ചരക്കുകൂലിയും കടത്തുകൂലിയും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്. ദർഘാസുകൾ വെള്ളക്കടലാസിൽ എഴുതി അതിനോടൊപ്പം നിരതദ്രവ്യം, ടെൻഡർ ഫീസ് എന്നിവയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് അല്ലെങ്കിൽ പണമടച്ച രശീത്, സമ്മതപത്രം (200 രൂപ വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയത്. സമ്മതപത്രത്തിന്റെ മാതൃക വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്) കവറിൽ അടക്കം ചെയ്ത് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് പി.ഒ., കാസറഗോഡ് പിൻ - 671314 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

ദർഘാസുകൾ അയക്കുന്ന കവറിന് പുറത്ത് " **പടന്നക്കാട് കാർഷിക കോളേജിലേക്ക് ചകിരിച്ചോറ് നൽകുന്നതിനുള്ള ദർഘാസ്** " എന്നെഴുതണം. ദർഘാസിനോടൊപ്പം 2000/- രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. ദർഘാസ് ഉറപ്പിക്കുന്ന കരാറുകാരൻ മൊത്തം തുകയുടെ
5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റും നൽകേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി **16.11.2024** ന് ഉച്ചയ്ക്ക് 2 മണി വരെയാണ്. അന്നു തന്നെ 2.30 മണിക്ക് ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക് (രണ്ടു തരത്തിന്റെയും ശരാശരി കണക്കാക്കി) എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് തുറന്ന് നടപടികൾ പൂർത്തികരിക്കുന്നതായിരിക്കും. ദർഘാസുകൾ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും. തൃപ്തികരമായ സപ്ലൈക്കുശേഷം ഇൻവോയ്സ് സമർപ്പിക്കുന്ന മുറയ്ക്ക് തുക ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തിരം അനുവദിക്കുന്നതായിരിക്കും. വിജയിയായ കരാറുകാരൻ അറിയിപ്പ് കിട്ടി 5 ദിവസത്തിനകം നിശ്ചിത സ്ഥലത്ത് ചകിരിച്ചോറ് എത്തിക്കേണ്ടതാണ്. കരാർ നൽകുന്നതു മുതൽ ഒരു വർഷത്തേക്ക് കരാറിന് പ്രാബല്യമുണ്ടാകുന്നതായിരിക്കും.

ദർഘാസ് സംബന്ധിച്ച സർക്കാർ/സർവ്വകലാശാല നിബന്ധനകളെല്ലാം ഇതിനും ബാധകമായിരിക്കും. വിശദവിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ് (ഫോൺ നമ്പർ: 0467 2280616). വിശദാംശങ്ങൾ കെ.എ.യു വെബ്സൈറ്റായ <u>www.kau.edu/tenders</u>-ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ടെൻഡർ ഫീസ് : 400/- രൂപ
ജി.എസ്.ടി : 72/- രൂപ
നിരതദ്രവ്യം : 2000/- രൂപ
ടെൻഡർ നൽകേണ്ട അവസാന തീയതിയും, സമയവും : 16.11.2024 2 മണി
ടെൻഡർ തുറക്കുന്ന തീയതിയും, സമയവും : 16.11.2024 2.30 മണി

ഉപാധികളും, നിബന്ധനകളും:-

1. www.kau.edu/tenders എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന നശ്ചിത ഫോമുകളിൽ ടെൻഡർ സമർപ്പിക്കണം. ആയതിനുള്ള ടെൻഡർ ഫീസ് ഒരു കാരണവശാലും തിരികെ നൽകില്ല.
2. ടെൻഡറിനൊപ്പം 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.
3. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി നൽകേണ്ടതാണ്. കൂടാതെ രേഖപ്പെടുത്തിയ മൊത്തം തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി, (ക്യാഷ്/ടേം ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി/ഡിമാൻഡ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്. കരാറിന്റെ മാതൃക മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.
4. സാധനങ്ങൾ എത്തിച്ചു തരുന്നതിൽ വീഴ്ച വരുത്തുന്ന കരാറുകാരന്റെ പേര് പട്ടികയിൽ നിന്ന് സ്ഥിരമായോ ഒരു നിശ്ചിത കാലയളവിലേക്കോ നീക്കം ചെയ്യാനുള്ള അവകാശം ഡീനിൽ നിക്ഷിപ്തമാണ്.
5. ടെൻഡർ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും.

ഒപ്പ്/-
**ഡോ.ടി സജിതാ റാണി**
ഡീൻ

പകർപ്പ്:-

1. നോട്ടീസ് ബോർഡ് (കോളേജ്/ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I & II)
2. വില്ലേജ് ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭാ ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)
4. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്
5. കെ.എ.യു വെബ്സൈറ്റ്
6. ശ്രീ. നജീബ് എം.ജെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - പർച്ചേഴ്സ് കമ്മിറ്റി കൺവീനർ
7. ഡോ.സജീഷ് പി.കെ., അസിസ്റ്റന്റ് പ്രൊഫസർ & ഓഫീസർ i/c, ഇൻസ്ട്രക്ഷണൽ ചുമതലയുള്ള ഉദ്യോഗസ്ഥൻ
8. ശ്രീമതി.രേഖ എം, ഫാം മാനേജർ ഗ്രേഡ്-I, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I
9. എ2 സെക്ഷൻ

**//അംഗീകാരത്തോടുകൂടി അയക്കുന്നത്//**

സെക്ഷൻ ഓഫീസർ

12